"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് - സംസ്ഥാനത്ത് പി.പി.പി. മാതൃകയിൽ ഗ്രാഫീൻ പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി (GPPF) സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും (ബി) വകുപ്പ്**

സ.ഉ.(കൈ) നം.34/2023/ITD തീയതി,തിരുവനന്തപുരം, 27-10-2023

---

പരാമർശം:-
1. 14.10.2022 ലെ സ.ഉ(സാധാ.)നം.213/2022/ഐ.ടി.ഡി.
2. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടെ 27.12.2022 ലെ KUDSIT/474/DR AD/2022 നമ്പർ കത്ത്.

**ഉത്തരവ്**

ഭാവിയിലെ മെറ്റീരിയൽ സാങ്കേതികവിദ്യകളിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി സംസ്ഥാനത്ത് ഒരു ഗ്രാഫീൻ ഇക്കോസിസ്റ്റം സ്ഥാപിക്കുന്നതാണെന്ന് 2022-23 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. താഴെപ്പറയുന്ന മൂന്നു ഘടകങ്ങൾ ഉൾപ്പെട്ടിട്ടുള്ളതാണ് നിർദിഷ്ട ഗ്രാഫീൻ ഇക്കോസിസ്റ്റം.

i. ഗ്രാഫീൻ അധിഷ്ഠിത സാങ്കേതികവിദ്യ വികസനത്തിനായി ഇന്ത്യ ഇന്നോവേഷൻ സെന്റർ ഫോർ ഗ്രാഫീൻ (ഐ.ഐ.സി.ജി) എന്ന ഗവേഷണ വികസന കേന്ദ്രം.

ii. ഗവേഷണത്തിലൂടെ വികസിപ്പിക്കുന്ന ഗ്രാഫീൻ ഉൽപ്പന്നങ്ങളെ, വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുവാൻ ഒരു മധ്യതല ഗ്രാഫീൻ പൈലറ്റ് പ്രൊഡക്ഷൻ ഫസിലിറ്റി (ജി.പി.പി.എഫ്).

iii. ഗ്രാഫീൻ, മറ്റു നാനോ വസ്തുക്കൾ എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള വ്യാവസായിക യൂണിറ്റുകൾ ഉൾക്കൊള്ളുന്ന മെറ്റീരിയൽ ടെക്നോളജി പാർക്ക് (India 2D materials Park).

(2) ഗ്രാഫീൻ ഇക്കോസിസ്റ്റത്തിലെ ഒന്നാമത്തെ ഘടകമായ ഇന്ത്യ ഇന്നോവേഷൻ സെന്റർ ഫോർ ഗ്രാഫീൻ (ഐ.ഐ.സി.ജി) സ്ഥാപിക്കുന്നതിനായി പരാമർശം (1) പ്രകാരം 86.4156 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഐ. ഐ.സി.ജി എറണാകുളത്ത് സ്ഥാപിക്കുന്നതിലേയ്ക്കായി, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി, സെന്റർ ഫോർ മറ്റീരിയൽസ്

ഫോർ ഇലക്ട്രോണിക്സ് ടെക്നോളജി (C-MET), തൃശ്ശൂർ, ടാറ്റ സ്റ്റീൽ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച്, കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സാമ്പത്തിക സഹായത്തോടുകൂടി നടപടികൾ സ്വീകരിച്ചുവരുന്നു.

(3) ഗ്രാഫീൻ ഇക്കോസിസ്റ്റത്തിലെ രണ്ടാമത്തെ ഘടകമായ ഗ്രാഫീൻ പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി നടപ്പിലാക്കുന്നതിനായി പരാമർശം(2) പ്രകാരം കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി ശുപാർശ സമർപ്പിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് ഗ്രാഫീൻ പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി സ്ഥാപിക്കുന്നതിനായി താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു .

i. സംസ്ഥാനത്ത് പി.പി.പി. മാതൃകയിൽ ഗ്രാഫീൻ പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി (ജി.പി.പി.എഫ്) സ്ഥാപിക്കുന്നതിനായി 237 കോടി (ഇരുനൂറ്റി മുപ്പത്തി ഏഴ് കോടി രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകുന്നു.

ii. ഗ്രാഫീൻ പൈലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി (ജി.പി.പി.എഫ്)-യുടെ നിർവ്വഹണ ഏജൻസിയായി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് & ഇന്നവേഷൻ ടെക്നോളജിയെ (കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ) നിയോഗിക്കുന്നു.

iii. ജി.പി.പി.എഫ് പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെൻറ് കോർപ്പറഷൻ (KINFRA) യെ നിയോഗിക്കുന്നു.

iv. ജി.പി.പി.എഫ് പദ്ധതിയ്ക്കായി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡിൽ (KIIFB) നിന്ന് വായ്പ തേടുന്നതിനുള്ള പ്രാഥമിക പ്രൊപ്പോസൽ തയ്യാറാക്കുവാൻ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് അനുമതി നൽകുന്നു.

v. ജി.പി.പി.എഫ് പദ്ധതിയ്ക്കായി ആഗോള താത്പര്യപത്രം വഴി സ്വകാര്യ പങ്കാളികളെ തേടുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് അനുമതി നൽകുന്നു.

vi. ജി.പി.പി.എഫ് പദ്ധതിയ്ക്കായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ വകുപ്പ്, ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ്, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെൻറ് കോർപ്പറഷൻ (KINFRA) എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയുള്ള ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുന്നു.

സ.ഉ.(കൈ) നം.34/2023/ITD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്
സെക്രട്ടറി

വൈസ് ചാൻസലർ, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെൻറ് കോർപ്പറഷൻ (KINFRA), തിരുവനന്തപുരം
കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡിൽ (KIIFB), തിരുവനന്തപുരം
വ്യവസായ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ(എ & ഇ ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ(ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ് .സി) വകുപ്പ് (25.10.2023 തീയതിയിലെ ഇനം നം.1832 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), വിവര പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Mahesh
Date: 28-10-2023 10:33:44
സെക്ഷൻ ഓഫീസർ